"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പാസ്ഥാനത്തെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ 19 തസ്തികകളിൽ ഒരെണ്ണം മലയാറ്റൂർ വനം ഡിവിഷനിലേയ്ക്ക് പുനർവിന്യസിച്ചു കൊണ്ട് -ഉത്തരവാകുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.15/2025/F&WLD          തീയതി,തിരുവനന്തപുരം, 15-01-2025**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16.08.2024, 30.10.2024 തീയതികളിലെ ഇ2-5768/2024 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വനം വകുപ്പ് ആസ്ഥാനത്തുള്ള 19 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ ഒരു തസ്തിക മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലേക്ക് പുനർവിന്യസിക്കുന്നത് ടി ഡിവിഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകരമാകുമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വകുപ്പ് ആസ്ഥാനത്തുള്ള 19 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുള്ളതിൽ ഒരെണ്ണം മലയാറ്റൂർ ഡിവിഷനിലേയ്ക്ക്, തസ്തിക ഷിഫ്റ്റ് ചെയ്യുമ്പോൾ വനം വകുപ്പ് ആസ്ഥാനത്തുള്ള നിലവിലെ 19 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും ഒന്ന് കുറവ് ചെയ്ത് 18 ആയി നിലനിർത്തണം, ഏത് ഗ്രേഡിലുള്ള (ഗ്രേഡ് 1 or II) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയാണോ ഷിഫ്റ്റ് ചെയ്യുന്നത് ഷിഫ്റ്റ് ചെയ്യുന്ന തസ്തികയിലേക്കുള്ള നിയമനവും അതേ ഗ്രേഡിലുള്ളതായിരിക്കണം, ഷിഫ്റ്റ് ചെയ്യുന്ന തസ്തിക ഏതാണോ ആ തസ്തിക വീണ്ടും വകുപ്പിൽ സൃഷ്ടിക്കാൻ പാടില്ലെന്ന നിബന്ധനകളോടെ, പുനർവിന്യസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad. S

സെക്ഷൻ ഓഫീസർ

Date: 16-01-2025 10:21:09